**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** **08-06-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ അനുസ്യൂതമായ വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദു:സ്സഹമാക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ; | (എ) | വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉത്പന്നങ്ങളുടെ ദിനംപ്രതിയുള്ള വില വർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധന വിലയിലെ വർദ്ധന ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യസാധനങ്ങളുടെയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽ ശേഷിയേയും നിക്ഷേപ സാദ്ധ്യതയെയും ദുർബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ ഉയർന്ന തൊഴിലില്ലായ്മയും ഗാർഹിക വരുമാനത്തിലുണ്ടായ ഇടിവും കുടുംബ ബജറ്റിന്റെ താളം തെറ്റിച്ചു. കോവിഡ് മൂലം അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്ന ക്രിയാത്മക നടപടികൾക്ക് വില വർദ്ധനവിന്റെ അനന്തര ഫലമായ നാണയപ്പെരുപ്പം വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്. |
| (ബി) | കേന്ദ്ര സർക്കാരിന് സമാനമായി സംസ്ഥാന സർക്കാരിനും നികുതി വരുമാനം ലഭിക്കുന്നതിനാലാണോ ഈ കോവിഡ് കാലത്ത് പോലും സാധാരണ ജനങ്ങൾക്ക് നികുതി ഭാരത്തിൽ ഇളവു നൽകാത്തതെന്ന് വ്യക്തമാക്കാമോ; | (ബി) | പെട്രോൾ ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും , കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം ഡീസലിന് 22.76% ഉം ആണ്.കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്തു 31.05.2018 ലെ എസ് ആർ ഓ നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80% ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52% ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. ഇതിലൂടെ വിലയിൽ |

| | | | |
|---|---|---|---|
| | | | ഏകദേശം ഒരു രൂപയോളം കുറവുണ്ടായി. എന്നാൽ കേന്ദ്ര ഗവണ്മെന്റ് ഈ കാലയളവിൽ കേന്ദ്ര അഡിഷണൽ എക്സൈസ് നിരക്ക് പലതവണ വർധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ചു താനേ താഴുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ മുൻ യു.ഡി.എഫ്. സർക്കാർ കാട്ടിയ മാതൃകയെങ്കിലും സ്വീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ തയ്യാറാകുമോ? | (സി) | 14/05/2011 ൽ പെട്രോളിന്റെ സംസ്ഥാന നികുതി നിരക്ക് 29.01% ഉം ഡീസലിന്റേതു 24.69 % ഉം ആയിരുന്നു. ഇന്ധന വില വർദ്ധനവിന് അനുസരിച്ചു കൂടിയ വിലയിന്മേലുള്ള അധിക നികുതി വേണ്ടന്നു വെക്കുന്ന സാഹചര്യം ഉണ്ടായെങ്കിലും. 18/02/2015 ലെ എസ് ആർ ഒ 92/2015 പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 31.80% ആയി ഉയർത്തുകയും ഡീസലിന്റേതു 24.52 % ആക്കി നിശ്ചയിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം 01.06.2018 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 30.08 % ആയും ഡീസലിന്റേതു 22.76 % ആയും കുറയ്ക്കുകയാണ് ചെയ്തത്. |

സെക്ഷൻ ഓഫീസർ